നീതി മെഡിക്കൽ സ്റ്റോറുകളിലുള്ള സ്റ്റോക്കു വിവരം

146 (1813) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീതി മെഡിക്കൽ സ്റ്റോറുകളിൽ എന്തു തുകയ്ക്കുള്ള സ്റ്റോക്ക് ഇപ്പോൾ നീക്കിയിരിപ്പുണ്ട് ;

(ബി) ഇവയിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ എന്തു വിലയ്ക്കുള്ളത് ഉണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ മരുന്നുകൾ വാങ്ങിയതെന്നാണ് ;

(ഡി) നീതിമെഡിക്കൽ സ്റ്റോറുകളിൽ ഇപ്പോൾ സ്റ്റോക്കുള്ള മരുന്നുകളിൽ മാർക്കറ്റിൽ പ്രചാരമില്ലാത്തതോ കൂടുതലായി വിറ്റുപോകാത്തതോ ആയ എത്ര രൂപയ്ക്കുള്ള മരുന്നുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) കാലാവധി തീരാറായ മരുന്നുകളും മാർക്കറ്റിൽ പ്രചാരമില്ലാത്ത മരുന്നുകളും വാങ്ങിയത് ഏത് ഉദ്യോഗസ്ഥന്റെ ഉത്തരവ് അനുസരിച്ചാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 100 നീതി മെഡിക്കൽ സ്റ്റോറുകൾക്ക് ലക്ഷ്യമിട്ട് ഇതിനകം ആരംഭിച്ച 74 നീതി മെഡിക്കൽ സ്റ്റോറുകളിൽ 3.49 കോടി രൂപയ്ക്കുള്ള മരുന്നുകൾ സ്റ്റോക്കുണ്ട്.

(ബി) കാലാവധി കഴിഞ്ഞ മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറുകളിൽ വിൽപ്പനയ്ക്ക് വെയ്ക്കാറില്ല. കാലാവധി കഴിയാറായ മരുന്നുകൾ കേന്ദ്ര ഗോഡൗൺ വഴി തിരിച്ചയയ്ക്കുകയാണ് പതിവ്.

(സി) നീതി മെഡിക്കൽ പദ്ധതി ആരംഭിച്ച 1998 ഒക്ടോബർ മുതൽ വാങ്ങിയ മരുന്നുകൾ ഉണ്ട്.

(ഡി) വളരെവേഗം വിറ്റഴിയാത്ത 75 ലക്ഷത്തോളം രൂപയുടെ മരുന്നുകൾ കൺസ്യൂമർ ഫെഡറേഷന്റെ വെയർ ഹൗസുകളിലും 8.75 ലക്ഷം രൂപയ്ക്കുള്ള മരുന്നുകൾ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ നീതി മെഡിക്കൽ സ്റ്റോറുകളിലും സ്റ്റോക്കുണ്ട്. ഈ മരുന്നുകൾ ബന്ധപ്പെട്ട കമ്പനികളെക്കൊണ്ട് തിരിച്ചെടുപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(ഇ) നീതി മെഡിക്കൽ സ്കീമിന്റെ തുടക്കത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ക്രമീകരണങ്ങൾ ചെയ്യുന്നതിനുമായി കൺസ്യൂമർ ഫെഡറേഷൻ ചുമതലപ്പെടുത്തിയിരുന്ന കൺസൾട്ടന്റാണ് മരുന്നുകൾ വാങ്ങിയിരുന്നത് എന്ന് കൺസ്യൂമർ ഫെഡറേഷൻ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly